**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2540** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഇടക്കൊച്ചി KSEB സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പള്ളുരുത്തി കച്ചേരിപ്പടി മാർക്കറ്റിന് സമീപം കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗം എറണാകുളം ജില്ലയിലെ ഇടക്കൊച്ചി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനായി നൽകാമെന്ന് കൊച്ചിൻ കോർപ്പറേഷൻ സമ്മതിച്ചിട്ടും പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?; | (എ) | കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം നാളിതു വരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറി നൽകിയിട്ടില്ലാത്തതിനാൽ ഇടക്കൊച്ചി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ; | (ബി) | 24/02/2016-ലെ B.O.(DB)No.594/2016 (D(D&S)/D6/AE2/New Section/2016) നമ്പർ ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച സെക്ഷനുകൾ ആരംഭിക്കുന്നതിന് 10 സെന്റ് സ്ഥലം സൗജന്യമായോ അല്ലെങ്കിൽ വാടക രഹിത കെട്ടിടമോ തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇടക്കൊച്ചി സെക്ഷൻ ആരംഭിക്കുന്നതിന് കൊച്ചി കോർപ്പറേഷൻ വാടക രഹിത കെട്ടിടം അനുവദിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറിയ ശേഷം, കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ മാറ്റങ്ങളും മറ്റ് അനുബന്ധ ജോലികളും പൂർത്തിയാക്കിയതിന് ശേഷം മാത്രമേ ഓഫീസ് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത ഓഫീസ് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കെട്ടിടം കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറി നൽകിയ ശേഷം വേണ്ട ക്രമീകരണങ്ങൾ നടത്തി ഒരു മാസത്തിനകം ഓഫീസ് പ്രവർത്തനം ആരംഭിക്കാവു ന്നതാണ്. |

സെക്ഷൻ ഓഫീസർ